

TUESDAY 11-04-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/04/2023.

1. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഇസ്രായേലിലേക്ക് കൃഷി പഠിക്കാൻ പോയ കർഷകർ അവിടത്തെ നൂതന കൃഷിരീതികൾ കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നു. സന്ദർശന സംഘത്തിലുണ്ടായിരുന്ന കർഷകർ സ്വന്തം സ്ഥലത്ത് ഇസ്രായേൽ കൃഷി രീതികൾ ആരംഭിക്കുകയും താത്പര്യമുള്ള കർഷകർക്ക് പരിശീലനം നൽകുകയും ചെയ്യും. കേരളത്തിലെവിടേയും ഇസ്രായേൽ മാതൃകകൾ പരിശീലിപ്പിക്കുന്ന മാസ്റ്റർ ട്രെയിനേഴ്സായി ഇസ്രായേൽ സന്ദർശിച്ച കർഷകർ പ്രവർത്തിക്കുമെന്ന് കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. ഇസ്രായേൽ കൃഷിരീതികൾ കേരളത്തിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ചേർത്തല കഞ്ഞിക്കുഴിയിൽ ഇസ്രായേൽ സന്ദർശിച്ച കർഷകൻ സുജിത്തിന്റെ കൃഷിയിടത്തിൽ 1000 ടിഷ്യൂകൾച്ചർ വാഴകൾ നട്ടുകൊണ്ട് മന്ത്രി പി. പ്രസാദ് പദ്ധതി ഉദ്ഘാടനം ചെയ്തു. താത്പര്യമുള്ള കർഷകർക്ക് ഈ കൃഷിയിടത്തിലെത്തി പരിശീലനം നേടാവുന്നതാണ്. കൃത്യതാ കൃഷി രീതികൾ അവലംബിച്ച് മൂല്യ വർദ്ധിത കൃഷി സാധ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ മുഖേനയും മൂല്യ വർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

2. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം ഇന്നു മുതൽ ഏപ്രിൽ 15 ശനി വരെയുള്ള ദിവസങ്ങളിൽ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകീട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

3. കാർഷിക വിളകളുടെ വൈവിധ്യവും കർഷകരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി, കേരളത്തിലെ കർഷക സമൂഹങ്ങളുടെ പരമ്പരാഗത വിളയിനങ്ങളിൻമേലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കേന്ദ്രമായി കേരള കാർഷിക സർവകലാശാലയെ അംഗീകരിച്ചു. 2001 ലെ പി പി വി എഫ് ആർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട

വിളയിനങ്ങളുടെ വികസനത്തിൽ ഗണ്യമായ സംഭാവന നൽകിയിട്ടുള്ള കേരളത്തിലെ കർഷക സമൂഹങ്ങൾക്ക് നഷ്ട പരിഹാരം ലഭിക്കുന്നതിനായുള്ള അവകാശം ഫയൽ ചെയ്യുന്നതിനായി വ്യക്തികൾക്കോ സംഘടനകൾക്കോ കേരള കാർഷിക സർവകലാശാലയെ സമീപിക്കാവുന്നതാണ്. ഇതിനായി കർഷകർ ഫീസ് ഒടുക്കേണ്ടതില്ല. വയൽ വിളകൾ, പച്ചക്കറികൾ, ഫലവർഗ വിളകൾ, വൃക്ഷങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പ വിളകൾ, തോട്ട വിളകൾ എന്നിവയെ സംബന്ധിച്ച അവകാശങ്ങൾ കേരള കാർഷിക സർവകലാശാല പരിഗണിക്കുകയും അതോറിറ്റിക്കു പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും എന്ന് കേന്ദ്രസർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ വ്യക്തമാക്കി. കേരളത്തത്തിന്റെ പരമ്പരാഗത ഇനങ്ങൾ സംരക്ഷിക്കുന്നതിന് കേരള കാർഷിക സർവകലാശാലയ്ക്കു ലഭിച്ച പ്രസ്തുത പദവി ഏറെ സഹായകമാകും.

4. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്‌കോയിൽ) ഫിനാൻസ് മാനേജരുടേയും, മാർക്കറ്റിംഗ് മാനേജരുടേയും ഓരോ സ്ഥിരം ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരിയ്ക്കുന്നു. യോഗ്യത, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി **www.kepco.co.in & www.kepconews.blogspot.com** വെബ് പോർട്ടൽ സന്ദർശിക്കുക. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡേറ്റാ സഹിതം 24-04-2023, 04 മണിയ്ക്ക് മുൻപായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്, റ്റി.സി. 30/697, പേട്ട, തിരുവനന്തപുരം-695024' എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**5. വിള പരിപാലന നിർദ്ദേശങ്ങൾ**

പച്ചക്കറികൾ- നടീൽ

മതിയായ അളവിൽ ഈർപ്പവും സൂര്യപ്രകാശവും ലഭിക്കുന്ന ഇടങ്ങളിൽ പച്ചക്കറി തൈകൾ നടാവുന്നതാണ്. ഇതിനായുള്ള കൃഷിസ്ഥലങ്ങൾ ഒരുക്കുമ്പോൾ ഒരു സെന്റിന് 2 കിലോ എന്ന തോതിൽ കുമ്മായം മണ്ണിൽ ചേർത്ത് കൊടുക്കാം. നഴ്സറി തൈകളിൽ 19:19:19, 2-3 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കൊടുക്കാവുന്നതാണ്. തൈകൾ നടുന്നതിനൊപ്പം മണ്ണിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് വിളകളെ കീട-രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം